## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3778** **21.06.2018-ൽ മറുപടിയ്ക്ക്**

## കെ.എസ്.എഫ്.ഇ യുടെ പ്രവാസി ചിട്ടി

| ചോദ്യം<br>ശ്രീ.കെ.എം.മാണി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പ്രവാസി ചിട്ടി തുടങ്ങാൻ കെ.എസ്.എഫ്.ഇ പ്രവാസികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച് കെ.എസ്.എഫ്.ഇ പുറപ്പെടുവിച്ചിട്ടുള്ള വരിയോലയുടെയും മറ്റ് പ്രഖ്യാപനങ്ങളുടെയും പകർപ്പ് ലഭ്യമാക്കാമോ; | (എ) | പ്രവാസി ചിട്ടിയിൽ പ്രവാസരാജ്യത്തിരുന്നുകൊണ്ടു തന്നെ, പ്രവാസികൾക്ക് ഓൺലൈൻ വഴി ചേരാൻ കഴിയും . മാത്രമല്ല മാസത്തവണ അടയ്ക്കാനും ലേലത്തിൽ പങ്കെടുക്കാനും ഓൺലൈൻ വഴി കഴിയുന്നതാണ്. അതു കൂടാതെ ഈ ചിട്ടിയുടെ ഉപഭോക്താക്കൾക്ക് ഇൻഷുറൻസ് പരിരക്ഷ, അപകട ഇൻഷുറൻസ് പരിരക്ഷ, ആവശ്യമെങ്കിൽ പെൻഷൻ പദ്ധതിയിൽ ചേരാനുള്ള അവസരം എന്നിവയൊക്കെ ഈ ചിട്ടി വഴി ലഭ്യമാകുന്നു . സാധാരണ ചിട്ടികളിൽ ലഭ്യമായ സവിശേഷതകൾക്കു പുറമേയാണ് ഈ ആനുകൂല്യങ്ങൾ എന്നത് ശ്രദ്ധേയമാണ്. വരിയോലയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രവാസി ചിട്ടി തുടങ്ങുമ്പോൾ കെ.എസ്.എഫ്.ഇ. രജിസ്ട്രാറുടെ പേരിൽ അടയ്ക്കേണ്ട സെക്യൂരിറ്റി തുക പ്രവാസികളിൽ നിന്ന് ശേഖരിച്ച ശേഷമാണോ സെക്യൂരിറ്റി നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സെക്യൂരിറ്റി തുക കെട്ടിവച്ചതിനു ശേഷം മാത്രമേ ചിട്ടി രജിസ്റ്റർ ചെയ്യാനുള്ള അനുവാദം ലഭിക്കുകയുള്ളൂ എന്ന വ്യവസ്ഥ സി.എഫ്.എ 1982 ൽ നിക്ഷിപ്തമായതിനാൽ പ്രവാസികളിൽ നിന്നു ശേഖരിക്കുന്നതിനു മുൻപു തന്നെ കെ.എസ്.എഫ്.ഇ സെക്യൂരിറ്റി തുക കിഫ്ബിയിൽ നിക്ഷേപിക്കുന്നതാണ്. |
| (സി) | ചിട്ടി തുക ഡെപ്പോസിറ്റായി സ്വീകരിക്കുവാൻ കെ.എസ്.എഫ്.ഇ.ക്ക് ആർ.ബി.ഐ. അനുമതി നൽകിയിട്ടുണ്ടോ; | (സി) | റിസർവ്വ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള മിസലേനിയസ് നോൺ ബാങ്കിങ്ങ് കമ്പനികൾക്കുള്ള മാർഗ്ഗരേഖയനുസരിച്ചാണ് പൊതുവേ കെ.എസ്.എഫ്.ഇ പ്രവർത്തിക്കുന്നത് |
| (ഡി) | കെ.എസ്.എഫ്.ഇ.യിൽ നിന്നുള്ള ചിട്ടി തുക കിഫ്ബിയിലേക്ക് നൽകുവാൻ ആർ.ബി.ഐ. അനുമതി നൽകിയിട്ടുണ്ടോ? | (ഡി) | ചിട്ടിയുടെ റെഗുലേറ്ററായ കേരള ഗവൺമെന്റ് G.O.(MS) No. 6/2018/Taxes dt. 24/01/2018 എന്ന നമ്പർ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**FORM VIII**

**(വകുപ്പ് 6 റൂൾ 14)**

# ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്സ് ലിമിറ്റഡ്

**(ഒരു കേരള സർക്കാർ സ്ഥാപനം)**

**രജി. ഓഫീസ്: 'ഭദ്രതത, പി.ബി. നമ്പർ 510**

**മ്യൂസിയം റോഡ്, തൃശ്ശൂർ – 680 020**

ബ്രാഞ്ച് ഓഫീസ് ..........................................................

## ചിട്ടി ഉടമ്പടി

എല്ലാ ഇംഗ്ലീഷ് മാസവും ..................ാം തിയ്യതിതോറും നടത്തുന്ന ചിട്ടിയുടെ നടത്തിപ്പിനുവേണ്ടി ചിട്ടി മുൻപൻ ദി കേരളസ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്സും ചിറ്റാളന്മാരും തമ്മിൽ ഏർപ്പെട്ട കരാറിലെ വ്യവസ്ഥ കൾ.

1. ഈ ചിട്ടി ....................................................സബ്ബ് രജിസ്ട്രാർ ഓഫീസിൽ .................................ാംമാണ്ട്.....................മാസം .................ാം നു .................................നമ്പറായി രജിസ്റ്റർ ചെയ്തിട്ടുള്ളതാകുന്നു.
2. **മുമ്പൻ:** ഈ ചിട്ടിയുടെ മുൻപൻ (ഫോർമാൻ) ദി കേരള സ്റ്റേറ്റ് ഫിനാഷ്യൽ എന്റർപ്രൈസസ്സ് ലിമിറ്റഡ് തൃശ്ശൂർ ആകുന്നു. ടി കമ്പനിക്കുവേണ്ടി ടി കമ്പനിയുടെ .......................................................................ബ്രാഞ്ചിൽ നിന്നും ബ്രാഞ്ച് മാനേജർ....................................................................എഴുതിവെച്ച ചിട്ടി ഉടമ്പടി.
3. **ചിട്ടിതുക: ഈ ചിട്ടിക്ക്**.....................ഡിവിഷനുകളും ഓരോ ഡിവിഷനിലും താഴെ പട്ടികയിൽ കാണിക്കുന്ന വിധം ക്ലാസ്സുകളും ഓരോ ക്ലാസ്സിനും അതിൽ കാണിച്ചിരിക്കുന്ന തവണസംഖ്യയും ആകെ.........................തവ ണകളും ഓരോ ക്ലാസ്സിനും താഴെ കാണിച്ചിരിക്കുന്നവിധം ചിട്ടി തുകയും എല്ലാ ഡിവിഷനിലും കൂടി മൊത്തം......................രൂപ ചിട്ടി തുകയും ഉണ്ടായിരിക്കുന്നതാണ്.

| ക്ലാസ്സ് | തവണ സംഖ്യ | ആകെ തവണകൾ | ചിട്ടി തുക | മുൻപൻ കമ്മീഷൻ | മുൻപൻ കമ്മീഷൻ കഴിച്ചുള്ള ചിട്ടി തുക |
|---|---|---|---|---|---|
| എ. | | | | | |
| ബി. | | | | | |
| സി. | | | | | |
| ഡി. | | | | | |
| ആകെ | | | | | |

മേൽപ്പറഞ്ഞ ഓരോ ക്ലാസ്സുകൾക്കും പറഞ്ഞിട്ടുള്ള തവണസംഖ്യ യാതൊരു കിഴിവുംകൂടാതെ ആദ്യതവണ അടയ്ക്കേ ണ്ടതും രണ്ടാമതു തവണ മുതൽ മേൽപ്പറഞ്ഞ സംഖ്യയിൽ നിന്നും അതാത് ക്ലാസ്സുകളിലെ ലേലക്കിഴിവ് നീക്കിയുള്ള സംഖ്യ അടയ്ക്കേണ്ടതുമാണ്.

4. **ലേലത്തിൽ കിട്ടിയ ചിറ്റാളന്മാർക്ക്:** ചിട്ടിലേലത്തിൽ പിടിച്ച ചിറ്റാളനു മുൻപൻ കമ്മീഷനും ലേക്കിഴിവും കഴിച്ചുള്ള സംഖ്യമാത്രം പ്രൈസ് സംഖ്യയായി ലഭിക്കുന്നതാകുന്നു.
5. **ചിട്ടിയുടെ കാലാവധി:** ചിട്ടിയുടെ ഒന്നാമത് അവധി ................ാംമാണ്ട് ...............മാസം ...................തിയ്യതിയും തുടർന്ന് എല്ലാ ഇംഗ്ലീഷ് മാസവും ....................തിയ്യതി തവണ തിയ്യതി ആയും ചിട്ടിദിവസം കമ്പനിയുടെ അവധി ദിവസമാണെ ങ്കിൽ അടുത്ത പ്രവൃത്തിദിവസവും ഈ ചിട്ടി നടത്തുന്നതും ആണ്ടിൽ 12 തവണകൾവീതം ........................മാസം കൊണ്ടു ........................ാം മാണ്ട് ....................മാസം അവസാനിക്കുന്നതുമാകുന്നു.
6. ചിട്ടിയുടെ ലേലം.................ടൗണിലുള്ള ........................ാം നമ്പർ കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുള്ള മുൻപൻ കമ്പനിയുടെ ബ്രാഞ്ചാഫീസിൽ വെച്ചോ, ടി ബ്രാഞ്ചാഫീസ് മറ്റേതെങ്കിലും കെട്ടിടത്തിലേക്ക് മാറ്റുകയാണെങ്കിൽ അവിടെവെച്ചോ എല്ലാ തവണ തിയ്യതിയിലും ......................മണിക്ക് ആരംഭിക്കുന്നതും താഴെ 10-ാം വകുപ്പിന് വിധേയമായി......................... മണി വരെ നടത്തപ്പെടുന്നതുമാകുന്നു. അനിയിന്ത്രിതമായ കാരണങ്ങളാൽ ചിട്ടയായ ഓഫീസ് പ്രവർത്തനം സാധ്യമാ കാത്ത സാഹചര്യങ്ങളിൽ (ബന്ദ്, ഹർത്താൽ, സമരങ്ങൾ, ക്രമസമാധാനപ്രശ്നങ്ങൾ എന്നിവ) ചിട്ടിലേലം അടുത്ത പ്രവൃത്തിദിവസം നടത്തുന്നതായിരിക്കും.
7. **ക്യാഷ് സെക്യൂരിറ്റി:** ഈ ചിട്ടിയുടെ ശരിയായ നടത്തിപ്പിന് ജാമ്യമായി മുൻപൻ ചിട്ടി ആക്ട് 20-ാം വകുപ്പ് പ്രകാരം ചിട്ടി തുകയ്ക്ക് തുല്യമായ ................രൂപ....................ഡിസ്ട്രിക്ട് സബ്ട്രഷറി സേവിംഗ്സ് ബാങ്കിൽ.................ാം നമ്പർ രസീതുപ്രകാരം ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിച്ച് ടി രസീതി...................എക്സ് ഒഫീഷ്യോ അസിസ്റ്റന്റ് ചിട്ടി രജിസ്ട്രാർപേർക്ക് ചിറ്റാളന്മാർക്കുവേണ്ടിയും ജാമ്യം സ്ഥാപിച്ചിട്ടുള്ളതും ടി ജാമ്യം മതിയായതാണെന്നുള്ളതിന് അസി സ്റ്റന്റ് ചിട്ടി രജിസ്ട്രാറുടെ ..............................ാം നമ്പർ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളതുമാകുന്നു. മുൻപന്റെ ചിട്ടിസംബന്ധ മായി ബാദ്ധ്യതകൾ വിടർത്തുന്ന മുറയ്ക്കല്ലാതെ പ്രസ്തുത ക്യാഷ് സെക്യൂരിറ്റി മുഴുവനും മുൻപൻ കമ്പനി തിരികെ വാങ്ങാൻ പാടില്ലാത്തതുമാകുന്നു.
8. **ചിട്ടി നടപടിക്രമം:** മുൻ ആറാം വകുപ്പിൽ പറഞ്ഞിരിക്കുന്ന സ്ഥലത്തും സമയത്തും ഓരോ തവണയും ചിട്ടി കിട്ടേണ്ട ആളെ ലേലംവഴി നിശ്ചയിക്കുന്നതാണ്. എന്നാൽ ആദ്യ തവണ യാതൊരു ലേലമോ കിഴിമോ കൂടാതെ മുൻപൻ പിരി ച്ചെടുക്കുന്നതും രണ്ടാം തവണയുടെ ലേലം ഒന്നാം തവണ തിയ്യതിയിലും തുടർന്നുള്ള തവണകൾ അതേക്രമത്തിൽ മുൻകൂറായി ലേലം നടത്തുന്നതുമാകുന്നു.
9. **ആകെ ടിക്കറ്റുകൾ:** മേൽ 3-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഒരു ഡിവിഷനിൽ .........................'എ' ക്ലാസ്സ് ടിക്കറ്റുകളും .......................'ബി' ക്ലാസ്സ് ടിക്കറ്റുകളും ............................'സി' ക്ലാസ്സ് ടിക്കറ്റുകളും .............................'ഡി' ക്ലാസ്സ് ടിക്കറ്റുകളും ഉണ്ടായിരിക്കുന്നതും മേൽപ്പറഞ്ഞ ടിക്കറ്റുകൾക്ക് എ, ബി, സി, ഡി ക്രമത്തിന് ഒന്നുമുതൽ ................................വരെ നമ്പറുകൾ ഉണ്ടായിരിക്കുന്നതുമാകുന്നു.

10. ലേലം: മേൽപ്പറഞ്ഞ എല്ലാ ക്ലാസ്സുകളിലെയും ക്ലാസ്സ് തിരിച്ചുള്ള ലേലം ആരംഭിക്കുന്നതും ഓരോ ക്ലാസ്സും അഞ്ചു മിനിട്ടിൽ കുറയാതെ ലേലം ചെയ്യുന്നതും ചിട്ടിപിടിക്കാതെ കുടിശ്ശികക്കാരല്ലാത്ത എല്ലാ ചിറ്റാളന്മാർക്കും ലേലത്തിൽ പങ്കെടുക്കാവുന്നതും ഓരോ ക്ലാസ്സിനും നിശ്ചിയിച്ചിട്ടുള്ള മുൻപൻ കമ്മീഷൻ സംഖ്യയിൽ നിന്നു ലേലം ആരംഭിക്കുന്നതും ഏറ്റവും കൂടുതൽ സംഖ്യ ലേലക്കിഴിവായി വിളിക്കുന്ന ചിറ്റാളന്റെ പേരിൽ താഴെ വിവരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ലേലം സ്ഥിരപ്പെടുത്തുന്നതുമാകുന്നു. എന്നാൽ അതാത് ക്ലാസ്സ് ചിട്ടിയുടെ മുൻപൻ കമ്മീഷൻ, ലേലക്കിഴിവ് ഇവ ഉൾപ്പെടെ ചിട്ടിത്തുകയുടെ 30 ശതമാനത്തിൽ കൂടുതൽ സംഖ്യ ലേലക്കിഴിവ് വിളിക്കുവാൻ തയ്യാറുള്ള ചിറ്റാളന്മാർ ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ അവരുടെ പേരെഴുതി 30% കിഴിവിൽ നറുക്കിട്ടെടുത്ത് ചിട്ടി പിടിച്ച ചിറ്റാളനെ നിശ്ചയിക്കുന്നതുമാകുന്നു.

11. ലേല നടപടി സമയത്ത് ഏതെങ്കിലും ക്ലാസ്സുകളിലെ ചിറ്റാളന്മാരിൽ ആരും തന്നെ ഹാജരാവതിരിക്കുകയോ ഹാജരായവർ ലേലത്തിൽ പങ്കെടുക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം ചിട്ടിപിടിക്കാതെ, വരിസംഖ്യ കുടിശ്ശിക ഇല്ലാത്തതുമായ ചിറ്റാളന്മാരുടെ ടിക്കറ്റ് നമ്പറുകൾ നറുക്കിട്ടെടുത്ത് ചിട്ടിപിടിച്ച ചിറ്റാളനെ നിശ്ചയിക്കുന്നതാണ്. അപ്രകാരം നിശ്ചയിക്കപ്പെടുന്ന ചിറ്റാളന് മുൻപൻ കമ്മീഷൻ കഴിച്ചുള്ള തുകയ്ക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്.

12. ലേലത്തിൽ നേരിട്ട് പങ്കെടുക്കുവാൻ സാധിക്കാത്ത ചിറ്റാളന്മാർക്ക് അവർക്കുവേണ്ടി ഒരു ഏജന്റിനെ പ്രോക്സിയായി ലേലത്തിൽ പങ്കെടുക്കുന്നതിന് അധികാരപ്പെടുത്താവുന്നതും അപ്രകാരം അധികാരപ്പെടുത്തുന്ന പ്രോക്സിക്ക് പ്രസ്തുത ലേലത്തിൽമാത്രം ചിറ്റാളനുള്ള എല്ലാ അധികാരവകാശങ്ങളും ഉണ്ടായിരിക്കുന്നതും അപ്രകാരം പ്രോക്സി ചെയ്യുന്ന എല്ലാ പ്രവൃത്തികൾക്കും ഒപ്പിട്ട് കൊടുക്കുന്ന എല്ലാ രേഖകൾക്കും പ്രസ്തുത ചിറ്റാളൻ ഉത്തരവാദിയായിരിക്കുന്നതുമാകുന്നു.

13. അതാത് ക്ലാസ്സുകളിൽ ചിട്ടി പിടിച്ച ചിറ്റാളന്മാർ ലേലക്കിഴിവ് സംഖ്യകൾ അപ്പോൾതന്നെ കെട്ടിവെയ്ക്കുകയോ അല്ലാത്തപക്ഷം ആയത് കൈപ്പറ്റിയതായി കമ്പനിയിലേക്ക് ഒരു രശീതി എഴുതിക്കൊടുക്കുകയോ ചെയ്യേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം മുൻപൻ കമ്പനിയുടെ യുക്താനുസരണം പ്രസ്തുത ക്ലാസ്സ് ചിട്ടി അപ്പോൾതന്നെ മറുലേലം ചെയ്യാവുന്നതുമാകുന്നു.

14. ലേലം സംബന്ധിച്ച് തത്സമയത്തുണ്ടാകുന്ന എല്ലാ തർക്കങ്ങൾക്കും കമ്പനിക്കുവേണ്ടി ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ തീർപ്പ് 1982 - ലെ ആക്ടിന് വിധേയമായി അവസാനതീർപ്പ് ആയിരിക്കുന്നതാണ്.

15. **(എ) ചിട്ടി സംഖ്യ നൽകുന്ന കാലാവധി:** ചിട്ടി പിടിച്ച ചിറ്റാളന്മാർ അവർക്ക് കമ്പനിയിൽ നിന്നും നൽകേണ്ടുന്ന പ്രൈസ് സംഖ്യക്കും മേലിൽ അവർ കമ്പനിയിലേക്ക് അടയ്ക്കേണ്ടുന്ന തവണസംഖ്യകൾക്കും ന്യായമായ ഉറപ്പോ ജാമ്യമോ നൽകേണ്ടതും അതിനാവശ്യമായ ആധാരങ്ങൾ മുതലായവ എഴുതിച്ചോ രജിസ്ട്രാക്കേണ്ടവ രജിസ്ട്രാക്കിച്ചോ കമ്പനിയെ ബോധ്യപ്പെടുത്തേണ്ടതും അപ്രകാരം ചെയ്താൽ ചിട്ടി ലേലം നടന്ന തിയ്യതി മുതൽ 30 ദിവസത്തിനു ശേഷം 60 ദിവസത്തിനുള്ളിൽ ചിട്ടി സംഖ്യ കൈപ്പറ്റാവുന്നതുമാണ്.

**(ബി)** ചിട്ടി പിടിച്ച ചിറ്റാളനോ, നോമിനിയോ, ചിട്ടിപ്പണം കൈപ്പറ്റുന്നതിനാവശ്യമായ ജാമ്യമോ, ഉറപ്പോ ചിട്ടിപിടിച്ച ദിവസം മുതൽ രണ്ടു മാസത്തിനകം ഹാജരാക്കി ചിട്ടി സംഖ്യ കൈപ്പറ്റാത്ത പക്ഷം ആ ലേലം /നറുക്ക് റദ്ദാക്കുന്നതിനും പകരം ആ തവണയ്ക്ക് പുനർലേലം/നറുക്ക് നടത്തുന്നതിനും മുൻപൻ കമ്പനിക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്. അപ്രകാരം നടത്തുന്ന പുനർലേലത്തിൽ, ലേലക്കിഴിവിൽ വരുന്ന വ്യത്യാസം ഈ ചിട്ടിയിലെ എല്ലാ ചിറ്റാളന്മാർക്കും ബാധകമായിരിക്കും.

16 **(എ)** മേൽപ്രകാരം ചിറ്റാളന് കിട്ടേണ്ട ചിട്ടി സംഖ്യ ടി ചിട്ടിയിൽ മേലാൽ വെയ്ക്കേണ്ട സംഖ്യക്ക് മതിയാകാതെ വരുന്നപക്ഷം അപ്രകാരം മതിയാകാതെ വരുന്ന സംഖ്യയും അതിന്മേലുള്ള പലിശയും മറ്റ് ചെലവുകളും ചിറ്റാളനിൽ നിന്നും ഈടാക്കുവാൻ മുൻപൻ കമ്പനിക്ക് അധികാരമുണ്ടായിരിക്കുന്നതുമാകുന്നു. ചിട്ടി സംഖ്യയിൽ മേലാൽ വയ്ക്കേണ്ട തവണസംഖ്യയും മറ്റും കഴിച്ച് എന്തെങ്കിലും സംഖ്യ ബാക്കിയുണ്ടെങ്കിൽ ആയത് ചിട്ടി അവസാനിച്ചശേഷം ചിറ്റാളന് കൊടുക്കാൻ മുൻപൻ കമ്പനിക്ക് ബാധ്യതയുള്ളതും അപ്രകാരം ചെയ്യാത്തപക്ഷം ചിട്ടി അവസാനിപ്പിച്ച തിയ്യതി മുതൽ പലിശ സഹിതം അപ്രകാരം ബാക്കിയുണ്ടായിരുന്ന സംഖ്യ കമ്പനിയിൽ നിന്നും സെക്യൂരിറ്റി തുകയിൽ നിന്നും മുൻപന്റെ ഇതര സ്വത്തുക്കളിൽനിന്നും ഈടാക്കുവാൻ ചിറ്റാളനോ, അയാളുടെ നോമിനിക്കോ അധികാരമുണ്ടായിരിക്കുന്നതുമാകുന്നു.

**(ബി)** ചിറ്റാളനോ ചിറ്റാളന്റെ നോമിനിയോ ചിട്ടിപ്പണം കൈപ്പറ്റുന്നതിനാവശ്യമായ ജാമ്യമോ, ഉറപ്പോ ഹാജരാക്കിയാൽ ചിട്ടി കിട്ടിയശേഷം ജാമ്യം ഹാജരാക്കുന്ന തിയ്യതിവരെയുള്ള ചിട്ടി തവണ സംഖ്യകളും (വീതപ്പലിശ ഉപേക്ഷിച്ച് മുഴുവൻ ഓഹരി തുകയും) പലിശയും കിഴിച്ച് ചിറ്റാളനോ ചിറ്റാളന്റെ നോമിനിക്കോ മുൻപൻ കമ്പനി കൊടുക്കേണ്ടതും അപ്രകാരം ചിട്ടിപ്പണം കൊടുക്കാതിരുന്നാൽ ചിറ്റാളന് ചെല്ലേണ്ട ചിട്ടി സംഖ്യയും മുൻപൻ കമ്പനിക്ക് ബോധ്യമായ ജാമ്യം ഹാജരാക്കിയ തിയ്യതി മുതൽ കൂടുന്ന പലിശയും മുൻപൻ കമ്പനിയുടെ ഇതര സ്വത്തുക്കളിൽനിന്നും ഈടാക്കുവാൻ ചിറ്റാളനോ അയാളുടെ നോമിനിക്കോ അധികാരമുണ്ടായിരിക്കുന്നതുമാകുന്നു.

17. **(എ) ജാമ്യം:** സ്വത്തുജാമ്യം, ആൾജാമ്യം, ബാങ്കുകളിലെ സ്ഥിരം ഡെപ്പോസിറ്റുകൾ, ബാങ്ക് ഗ്യാരന്റി, ഗവ. സെക്യൂരിറ്റികൾ, സ്വർണ്ണപണ്ടം, കാർ, ലോറി, ബസ്, ലൈഫ് ഇൻഷുറൻസ് പോളിസി, മുൻപൻ കമ്പനിയിലെ ചിട്ടിപ്പാസ് ബുക്ക്, ഫിക്സഡ് ഡെപ്പോസിറ്റ് മുതലായവ ജാമ്യമായി സ്വീകരിക്കുന്നതാണ്. ഈ ജാമ്യങ്ങളിൽ ഏത് തരം ജാമ്യമാണ് വേണ്ടതെന്ന് നിർണ്ണയിക്കുന്നതിനുള്ള പൂർണ്ണ അധികാരം മുൻപൻ കമ്പനിക്കുള്ളതാണ്. ആൾ ജാമ്യമാണെങ്കിൽ മുൻപൻ കമ്പനി നിശ്ചയിക്കുന്ന നിരക്കിൽ ശമ്പളം വാങ്ങുന്ന ജാമ്യക്കാർ ഉണ്ടായിരിക്കേണ്ടതും അവർ മേലാൽ ചിട്ടിയിലേക്ക് അടച്ചു തീർക്കേണ്ട സംഖ്യകൾക്ക് പ്രധാന കടക്കാരായിരിക്കാൻ ബാധ്യസ്ഥരും ആകുന്നു.

**(ബി)** വീതപ്പലിശ:അതാതു ക്ലാസ്സുകളിലെ മുൻപൻ കമ്മീഷൻ കഴിച്ചുള്ള ലേലാദയം അതാതു ക്ലാസ്സുകളിലെ ചിറ്റാളന്മാർക്കും ചിട്ടി കിട്ടിയവരെന്നോ കിട്ടാത്തവരെന്നോ നോക്കാതെ തുല്യമായി വീതിക്കുന്നതാക്കുന്നു.

18. **(എ) പണം അടയ്ക്കേണ്ടവിധം:** ആദ്യതവണസംഖ്യ അപേക്ഷയോടൊപ്പം നേരിട്ട് പണമായോ മണിയോർഡറായോ മുൻപൻ കമ്പനിയുടെ..................................ബ്രാഞ്ചിൽ അടയ്ക്കേണ്ടതും തുടർന്നുള്ള തവണകൾ എല്ലാ ചിറ്റാളന്മാരും അതാതു തവണ ദിവസം തന്നെ മുൻപൻ കമ്പനിയിൽ അടയ്ക്കേണ്ടതും ആയതിന് മുൻപൻ കമ്പനിയിൽ നിന്നും ഒരു രസീതി വാങ്ങേണ്ടതുമാകുന്നു. രണ്ടാമതു തവണ മുതൽക്കുള്ള സംഖ്യകൾ മണിയോർഡറായോ, ചെക്ക്, ഡ്രാഫ്റ്റ് ഇവ മുഖാന്തിരമോ കമ്പനിയുടെ ഏതെങ്കിലും ബ്രാഞ്ചുകൾ മുഖാന്തിരമോ അടയ്ക്കാവുന്നതും അപ്രകാരം അടയ്ക്കുന്ന തവണ സംഖ്യ പാസ്സ് ബുക്കിൽ വരവ് ചേർപ്പിക്കേണ്ടതും ആകുന്നു.

**(ബി)** ചിട്ടി പിടിക്കാത്ത ചിറ്റാളന്മാർ അതാത് തവണ സംഖ്യ തിയ്യതിക്കുതന്നെ അടയ്ക്കാത്തപക്ഷം ആയത് പന്ത്രണ്ട് ശതമാനം പലിശയോടുകൂടി അടുത്തതവണ തിയ്യതിക്കോ അതിന് മുമ്പോ അടയ്ക്കേണ്ടതും അപ്രകാരം രണ്ടാമത്തെ തവണ തിയ്യതിക്കും അടയ്ക്കാത്ത പക്ഷം നിയമപ്രകാരം നോട്ടീസ് നൽകി പ്രസ്തുത ചിറ്റാളനെ ചിട്ടിയിൽ നിന്നും നീക്കം ചെയ്ത് കമ്പനിക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം പ്രസ്തുത ടിക്കറ്റ് കമ്പനിയുടെ പേരിലോ, മറ്റൊരാളുടെ പേരിലോ കൈമാറ്റം ചെയ്യാവുന്നതും മുടക്കം വരുത്തിയ ചിറ്റാളനെ നീക്കം ചെയ്ത് പകരം ചേർത്ത വിവരം 14 ദിവസത്തിനകം അറിയിക്കേണ്ടതുമാകുന്നു. എന്നാൽ ചിറ്റാളന്മാരുടെ ലിസ്റ്റിൽ നിന്നും മുടക്കം വരുത്തിയ ചിറ്റാളനെ മേൽപ്രകാരം നീക്കം ചെയ്തിട്ടില്ലെങ്കിലും പ്രസ്തുത മുടക്കം വരുത്തിയ ചിറ്റാളനെ ചിട്ടിയിൽ തുടരുവാൻ അനുവദിച്ചു എന്ന് ധരിക്കാൻ പാടില്ലാത്തതുമാകുന്നു.

**(സി)** ചിട്ടി വിളിച്ചെടുത്ത ചിറ്റാളൻ ഏതെങ്കിലും തവണ സംഖ്യ അതാത് തവണദിവസമോ അതിനുമുമ്പോ അടയ്ക്കാ

ത്തപക്ഷം വീതപ്പലിശ നഷ്ടപ്പെടുന്നതും മുഴുവൻ തവണ സംഖ്യയും അടുത്ത തവണ തിയ്യതിക്കുമുമ്പായി 14 ശതമാനത്തിൽ കവിയാത്ത പലിശയോടുകൂടി അടയ്ക്കേണ്ടതും അപ്രകാരം അടുത്ത തവണയും വീഴ്ചവരുത്തിയാൽ മുടക്ക് തിയ്യതി മുതൽ മേൽബാധ്യത പൂർണ്ണമായും (വീതപ്പലിശ ഉപേക്ഷിച്ച് ഓഹരിത്തുക) മുടക്കു തിയ്യതി മുതൽ 14 ശതമാനത്തിൽ കവിയാത്ത പലിശയും ചെലവും സഹിതം ഒന്നായി ഈടാക്കുന്നതിന് മുൻപൻ കമ്പനിക്ക് അധികാരമുണ്ടായിരിക്കുന്നതും അങ്ങനെ ആവശ്യപ്പെടുന്ന പക്ഷം ആയത് ഉടൻ തന്നെ കൊടുക്കുവാൻ പ്രസ്തുത ചിറ്റാളൻ ബാധ്യസ്ഥനും അപ്രകാരം കൊടുക്കാത്തപക്ഷം പ്രസ്തുത ചിറ്റാളനിൽ നിന്നും ജാമ്യപ്പെടുത്തിയ വസ്തുക്കളിൽ നിന്നും ജാമ്യക്കാരനിൽ നിന്നും റവന്യൂ റിക്കവറിമൂലമോ മറ്റുവിധത്തിലോ ആ വക സംഖ്യകൾ ഈടാക്കുവാൻ മുൻപൻ കമ്പനിക്ക് അധികാരമുണ്ടായിരിക്കുന്നതുമാകുന്നു.

**(ഡി)** ചിട്ടി സംഖ്യ വാങ്ങിയ ചിറ്റാളന്മാർ കൊടുത്തിട്ടുള്ള ജാമ്യം പോരെന്ന് എപ്പോഴെങ്കിലും കമ്പനി തീരുമാനിക്കുന്ന പക്ഷം, മതിയായ കൂടുതൽ ഉറപ്പോ ജാമ്യമോ നൽകാൻ ടി ചിറ്റാളൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും അപ്രകാരം കൂടുതൽ ജാമ്യമയോ ഉറപ്പോ കൊടുക്കാതെ വന്നാൽ ചിട്ടിയിൽ മേലാൽ അടയ്ക്കേണ്ട തവണ സംഖ്യയും ആയതിന് കൂടുതൽ ഉറപ്പോ ജാമ്യമോ ആവശ്യപ്പെട്ട തിയ്യതി മുതൽ 14 ശതമാനത്തിൽ കവിയാത്ത പലിശയും ഈടാക്കാൻ മുൻപൻ കമ്പനിക്ക് അധികാരമുണ്ടയാരിക്കുന്നതുമാകുന്നു.

19. ചിട്ടി പിടിക്കാത്ത മുടക്ക് ചിറ്റാളനെ നീക്കുന്ന പക്ഷം പകരം മാറ്റി ചേർത്ത ചിറ്റാളനോ/മുൻപൻ കമ്പനിയോ, നീക്കുന്നതിനുമുമ്പുള്ള മുടക്കു തവണ ഉൾപ്പടെയുള്ള മുഴുവൻ തവണകളും അടയ്ക്കേണ്ടതാണ്. അത്തരത്തിൽ നീക്കം ചെയ്ത ചിറ്റാളന് ടിയാൻ അടച്ച സംഖ്യയിൽ നിന്നും പലിശയും മുൻപൻ കമ്പനിക്ക് വരേണ്ട മറ്റ് ബാദ്ധ്യതകൾ വല്ലതുമുണ്ടെങ്കിൽ അതുകഴിച്ച് ബാക്കി സംഖ്യ അടുത്ത തവണ തിയ്യതിക്കുമുമ്പ് കൊടുക്കുവാൻ മുൻപൻ കമ്പനിക്ക് ബാദ്ധ്യതയുള്ളതും മുടക്ക് ചിറ്റാളൻ ആവശ്യപ്പെടുമ്പോൾ അയാൾക്ക് തുക ലഭിക്കേണ്ട മുൻപൻ കമ്പനി കൊടുക്കാതിരിക്കുന്ന പക്ഷം ആയത് മുൻപൻ കമ്പനിയിൽ നിന്നും പലിശ സഹിതം ഈടാക്കുവാൻ അപ്രകാരമുള്ള മുടക്ക് ചിറ്റാളന് അവകാശം ഉണ്ടായിരിക്കുന്നതുമാണ്. നീക്കം ചെയ്ത ചിറ്റാളന് അടച്ച തവണകളിലെ വീതപ്പലിശയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല. നീക്കം ചെയ്ത മുടക്ക് ചിറ്റാളന് ലഭിക്കേണ്ട സംഖ്യ അപ്രകാരം അടുത്ത തവണയ്ക്കുള്ളിൽ അയാൾ കൈപ്പറ്റിയിട്ടില്ലെങ്കിൽ ആ തുക മുൻപന്റെ......................ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്ത് മുടക്കുചിറ്റാളനെ ആ വിവരം അറിയിക്കുകയും ചെയ്യേണ്ടതാണ്.

20. ഒന്നാമത്തെ തവണയ്ക്ക് ലേലം ഇല്ലാത്തതുകൊണ്ട് വീതപ്പലിശയോ കിഴിവോ കൂടാതെ മുഴുവൻ സംഖ്യയും അടയ്ക്കുവാൻ ചിറ്റാളന്മാർ ബാദ്ധ്യസ്ഥരാണ്.

21. **മുൻപൻ കമ്മീഷൻ:** ചിട്ടി നടത്തിപ്പിനുള്ള മുൻപൻ കമ്പനിയുടെ കമ്മീഷൻ ചിട്ടി തുകയുടെ അഞ്ച് ശതമാനമായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു.

**(എ)** ചിട്ടിയുടെ മുൻപൻ കമ്മീഷനിൽ കേന്ദ്രസർക്കാർ ചുമത്തിയിട്ടുള്ള ചരക്കുസേവന നികുതി (GST) നിരക്കനുസരിച്ച് വരിക്കാരിൽ നിന്നും പിരിച്ചെടുക്കാൻ മുൻപൻ കമ്പനിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

22. **അവസാന തവണ:** അവസാന തവണവരെ ചിട്ടികിട്ടാതെയും പിടിക്കാതെയും അവശേഷിക്കുന്ന ചിറ്റാളന്മാർക്ക് മുൻപൻ കമ്മീഷൻ കഴിച്ചുള്ള ചിട്ടിയുടെ മുഴുവൻ സംഖ്യക്കും അർഹത ഉണ്ടായിരിക്കുന്നതും ചിട്ടി അവസാനിച്ച് 30 ദിവസത്തിനകം പ്രസ്തുത സംഖ്യ ചിറ്റാളന്മാർക്ക് കൊടുക്കുവാൻ മുൻപൻ കമ്പനി ബാദ്ധ്യസ്ഥനും ആയത് ഈടാക്കുവാൻ അപ്രകാരമുള്ള ചിറ്റാളന്മാർക്ക് അധികാരമുണ്ടായിരിക്കുന്നതുമാകുന്നു.

23. ചിട്ടി സംബന്ധമായി ഏതെങ്കിലും ചിറ്റാളനിൽ നിന്ന് സ്വന്തം നിലയിലോ ജാമ്യനിലയിലോ മുൻപൻ കമ്പനിയിലേക്ക് ഏതെങ്കിലും സംഖ്യകൾ ഈടാക്കാനുണ്ടെങ്കിൽ അതിന് പ്രസ്തുത ചിറ്റാളൻ ചിട്ടിയിൽ അടച്ചിട്ടുള്ള തവണ സംഖ്യകളിന്മേൽ മുൻപൻ കമ്പനിക്ക് ഒന്നാം ചാർജ്ജ് ഉണ്ടായിരിക്കുന്നതും അതുപോലെതന്നെ ചിട്ടി സംബന്ധമായി മുൻപൻ കമ്പനി നിക്ഷേപിച്ചിട്ടുള്ള എല്ലാ സംഖ്യകളും ജാമ്യവും ചിറ്റാളന്മാർക്കു ചെല്ലേണ്ട സംഖ്യകൾക്ക് ഉത്തരവാദപ്പെട്ടിരിക്കുന്നതുമാകുന്നു.

24. ചിറ്റാളന്മാർ മുൻപൻ കമ്പനിയിൽ അടയ്ക്കുന്ന എല്ലാ സംഖ്യകൾക്കും അതുപോലെതന്നെ മുൻപൻ കമ്പനി ചിറ്റാളന്മാർക്ക് കൊടുക്കുന്ന എല്ലാ സംഖ്യകൾക്കും രസീതുകൾ കൊടുക്കേണ്ടതാണ്.

25. മേൽ പട്ടികയിൽ കാണിച്ചിട്ടുള്ള ചിട്ടി തുക യാതൊരു കാരണവശാലും കൂടുന്നതല്ല

26. **(എ) ചിട്ടി കൈമാറ്റം:** മുൻപൻ കമ്പനിയുടെ രേഖാമൂലമായ സമ്മതമില്ലാതെ ചിറ്റാളന്മാർക്ക് അവർക്ക് ചിട്ടിയിലുള്ള അവകാശങ്ങൾ കൈമാറ്റം ചെയ്യാൻ അധികാരമുണ്ടായിരിക്കുന്നതല്ല. മുൻ ചിറ്റാളനുണ്ടായിരുന്നതിൽ കവിഞ്ഞ് യാതൊരു അവകാശവും പകരം ചേർന്ന ചിറ്റാളനുണ്ടായിരിക്കുന്നതല്ലാത്തതും പകരം ചേർന്ന ചിറ്റാളന് ഇതിൽ പറയുന്ന എല്ലാ വ്യവസ്ഥകളും ബാധകമായിരിക്കുന്നതുമാണ്. നീക്കം ചെയ്യപ്പെട്ട ചിറ്റാളന്മാർക്ക് ചിട്ടിയിലുണ്ടായിരുന്ന അവകാശങ്ങൾ കൈമാറ്റം ചെയ്യുന്നതിന് അപ്രകാരം മുൻപൻ കമ്പനിയുടെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമില്ല. എങ്കിലും അപ്രകാരമുള്ള കൈമാറ്റത്തിലൂടെ നീക്കം ചെയ്യപ്പെട്ട ചിറ്റാളന് ഉണ്ടായിരുന്നതിൽ കവിഞ്ഞ് യാതൊരവകാശവും ആയതു കൈമാറ്റം ചെയ്ത് വാങ്ങിയ ആൾക്ക് ലഭിക്കുന്നതല്ലാത്തതുമാകുന്നു.

**(ബി)** ചിട്ടി പിടിച്ച ചിറ്റാളന്മാരിൽ നിന്നും തവണ സംഖ്യകൾ ഈടാക്കുവാൻ മുൻപൻ കമ്പനിക്കുള്ള അവകാശം അസിസ്റ്റന്റ് ചിട്ടി രജിസ്ട്രാരുടെ രേഖാമൂലമുള്ള മുൻ അനുമതി കൂടാതെ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതും അപ്രകാരമുള്ള കൈമാറ്റങ്ങൾ ചിട്ടിപിടിക്കാത്ത ചിറ്റാളന്മാർക്ക് ലഭിക്കേണ്ട സംഖ്യകൾ കാലതാമസം വരുത്തുകയോ അതു ലഭിക്കാതിരിക്കത്തക്ക സാഹചര്യം സൃഷ്ടിക്കുകയോ ചെയ്യുന്ന പക്ഷം മേൽപറഞ്ഞ ചിട്ടി കിട്ടാത്തതും പിടിക്കാത്തതുമായ ചിറ്റാളന്മാർക്ക് അപ്രകാരമുള്ള കൈമാറ്റങ്ങൾ ദുർബലപ്പെടുത്താവുന്നതുമാകുന്നു.

27 **(എ)** ചിട്ടി ബാലൻസ് ഷീറ്റും ചിട്ടി രേഖയും: ചിട്ടി സംബന്ധമായ കടധനങ്ങളുടേയും അവയുടെ സ്വഭാവത്തേയും അവയിൽ ചിട്ടിധനത്തെ വിലയിരുത്തിയ രീതിയും കാണിക്കുന്ന ചിട്ടിയുടെ വർഷാന്ത ബാലൻസ് ഷീറ്റ് 28-ാം നമ്പർ ഫോറത്തിൽ മുൻപൻ കമ്പനി തയ്യാറാക്കേണ്ടതും ചിട്ടി റൂൾ 31 പ്രകാരം ഓഡിറ്റ് ചെയ്യുന്നതിനുവേണ്ടി ഓഡിറ്റർമാർക്ക് നൽകേണ്ടതും ഓഡിറ്റഡ് ബാലൻസ് ഷീറ്റ് യഥാസമയം ഫയൽ ചെയ്യേണ്ടതും ഓഡിറ്റർമാരുടെ ഒരു സർട്ടിഫിക്കറ്റ് മുൻപൻ കമ്പനി വാങ്ങി സൂക്ഷിക്കേണ്ടതുമാകുന്നു.

**(ബി)** ചിട്ടി സംബന്ധമായ എല്ലാരേഖകളും എല്ലാ ചിട്ടി തവണ തിയ്യതികളിലം 11 മണിമുതൽ 12 മണിവരെയുള്ള സമയത്ത് മുൻപൻ കമ്പനിയുടെ മുകളിൽകൊടുത്തിട്ടുള്ള ഓഫീസിൽ വെച്ച് എല്ലാ ചിറ്റാളന്മാർക്കും പരിശോധിക്കാവുന്നതാണ്.

28. **അംഗീകരിക്കപ്പെട്ടിട്ടുള്ള ബാങ്ക്:** ഈ ചിട്ടി സംബന്ധമായ നിക്ഷേപങ്ങൾ ഗവൺമെന്റ് അധികാരപ്പെടുത്തിയിട്ടുള്ള ട്രഷറിയിൽ നിക്ഷേപിക്കുന്നതാകുന്നു.

29. ചിട്ടി ഉടമ്പടി ഭേദഗതി: ചിട്ടി ഫണ്ട് റൂളിലേയും ആക്റ്റിലേയും നിബന്ധനകൾക്ക് വിരുദ്ധമല്ലാത്ത ചിട്ടി ഉടമ്പടിയിലെ വകുപ്പുകളിൽ ഭേദഗതികൾ കൂട്ടിച്ചേർക്കലുകളോ ഭേദഗതികളോ വരുത്തുന്നതിന് ചിട്ടി കിട്ടാത്തതും/പിടിക്കാത്തതും/പ്രൈസ് സംഖ്യ കൈപ്പറ്റാത്തതുമായ ചിറ്റാളന്മാരിൽ 25 ശതമാനം പേരുടെയെങ്കിലും രേഖാമൂലമായ അപേക്ഷയുണ്ടെങ്കിൽ ആയതിലേക്ക് ചിറ്റാളന്മാരുടെ ഒരു യോഗം മുൻമ്പൻ കമ്പനിക്ക് വിളിച്ചു കൂട്ടാവുന്നതാണ്.

30 മുൻപൻ കമ്പനിയുടെ ഏതെങ്കിലും തരത്തിലുള്ള വീഴ്ചകൾകൊണ്ടു ചിട്ടി തുടർന്ന് നടത്തുവാൻ കഴിയാതെ വരുന്ന പക്ഷം, എല്ലാ ചിട്ടി കിട്ടാത്തതും പിടിക്കാത്തതുമായ ചിറ്റാളന്മാർക്കും വീതപ്പലിശ അടക്കമുള്ളവരുടെ വിഹിതം 30 ദിവ

സത്തിനകം കൊടുക്കുവാൻ മുൻപൻ കമ്പനി ബാദ്ധ്യസ്ഥനാണ്. അങ്ങനെ കൊടുക്കാത്തപക്ഷം ആ വക സംഖ്യകൾ മുൻപൻ കമ്പനിയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ്, മറ്റ് സ്വത്തുക്കൾ, ചിട്ടി കിട്ടിയ/പിടിച്ച ചിറ്റാളന്മാരിൽ നിന്നും മുൻപൻ കമ്പനിക്കു ലഭിക്കേണ്ടതായ തവണസംഖ്യകൾ എന്നിവയിൽ നിന്നും ഈടാക്കുവാൻ അപ്രകാരമുള്ള ചിറ്റാളന്മാർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

31. മുൻപന്റെ ടിക്കറ്റ് എല്ലാ ക്ലാസ്സുകളിലുമുള്ള ഓരോ ടിക്കറ്റ് മുൻപൻ കമ്പനിയുടെ പേരിൽ ആയിരിക്കുന്നതും ആയതിന്റെ ചിട്ടി സംഖ്യ നറുക്കെടുപ്പോ ലേലമോ കൂടാതെയും ഏതെങ്കിലും സെക്യൂരിറ്റി വെയ്ക്കാതെയും ആദ്യതവണയായി മുൻ 8-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരം പിരിച്ചെടുക്കുന്നതും എന്നാൽ ആയതിനു പുറമെ മുൻപന്റെ പേരിൽ ഏതെങ്കിലും ടിക്കറ്റുകൾ ഉള്ളപക്ഷം ടി ടിക്കറ്റുകളെ സംബന്ധിച്ചടുത്തോളം മറ്റു ചിറ്റാളന്മാർക്കുള്ളതിൽ കവിഞ്ഞ് ഏതെങ്കിലും തരത്തിലുള്ള അധികാരവകാശങ്ങൾ മുൻപൻ കമ്പനിക്ക് ഇല്ലാത്തതും അപ്രകാരമുള്ള ടിക്കറ്റുകൾ നറുക്കെടുപ്പിൽ സമ്മാനാർഹമാകുകയോ, ലേലത്തിൽ പിടിക്കുകയോ ചെയ്യുന്നപക്ഷം മറ്റ് ചിറ്റാളന്മാരെ പോലെതന്നെ മേലാൽ വയ്ക്കേണ്ടുന്ന തവണ സംഖ്യകൾക്ക് മുൻപൻ കമ്പനി നിയമപ്രകാരം ആവശ്യമായ ജാമ്യം ഹാജരാക്കേണ്ടതാണ്. (ആക്ടിലെ 21 a,e)

32. ഈ ചിട്ടി ഉടമ്പടിയിലെ ഏതെങ്കിലും സംഗതിയെ നിയന്ത്രിക്കുവാൻ വ്യവസ്ഥകൾ ഉൾപ്പെടാതിരിക്കുന്നപക്ഷം ആ വക സംഗതിക്ക് 1982 ലെ ചിട്ടി ഫണ്ട് ആക്ടിലേയും റൂൾസിലേയും വ്യവസ്ഥകൾക്കും കാലാകാലങ്ങളിൽ ഉണ്ടാകുന്ന ഭേദഗതികൾക്കും വിധേയമായി കമ്പനി അപ്പപ്പോൾ നടപ്പിൽ വരുത്തുന്ന വ്യവസ്ഥകൾ ബാധകമാകുന്നു.

33. ചിട്ടി നടത്തിപ്പിനെ സംബന്ധിച്ച എല്ലാ തർക്കങ്ങളിലും തീരുമാനം എടുക്കുവാൻ ചിറ്റ് ഫണ്ട്സ് ആക്ട് 1982 സെക്ഷൻ 64 ഉം അനുബന്ധ ചട്ടങ്ങൾ പ്രകാരവും അസിസ്റ്റന്റ് ചിട്ടി രജിസ്ട്രാർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

നോമിനേഷൻ: ചിട്ടി കാലാവധിക്ക് മുമ്പ് ചിറ്റാളൻ മരണമടയുകയാണെങ്കിൽ ചിട്ടി തുടർന്ന് നടത്തുന്നതിനും ചിട്ടിപ്പണവും മറ്റാനുകൂല്യങ്ങളും ചിറ്റാളനുവേണ്ടി കൈപ്പറ്റുന്നതിനും താഴെ പേരെഴുതുന്ന നോമിനിയെ അധികാരപ്പെടുത്തിയിരിക്കുന്നു.

മേൽ കാണിച്ച എല്ലാ നിബന്ധനകളും ഞാൻ വായിച്ചു മനസ്സിലാക്കുകയും ആയവ എനിക്കു ബാധകമാണെന്നു സമ്മതിക്കുകയും, ആയതനുസരിച്ച് നടന്നുകൊള്ളാമെന്നു സമ്മതിച്ചുകൊണ്ട് ഈ ചിട്ടിയിൽ താഴെ കാണിച്ച ക്ലാസ്സിൽ എന്നെ ഒരു ചിറ്റാളനായി ചേർക്കാൻ അപേക്ഷിക്കുകയും താഴെ കാണുന്ന സാക്ഷികൾ കാൺകെ ഈ ചിട്ടി ഉടമ്പടിയിൽ ഒപ്പിടുകയും ചെയ്തിരിക്കുന്നു.

## അപേക്ഷാഫോറം

പ്രസ്തുത ക്ലാസ്സിന്റെ ആദ്യതവണ സംഖ്യ....................രൂപ മണിയോർഡർ ആയി/ഡ്രാഫ്റ്റായി/പണമായി നേരിട്ട് അയയ്ക്കുന്നു.

| ചേരാനാഗ്രഹിക്കുന്ന ചിട്ടിയുടെ ക്ലാസ്സ് | | തവണ സംഖ്യ | ₹ | കാലാവധി | | ചിട്ടി തുക | ₹ |
|---|---|---|---|---|---|---|---|

അപേക്ഷകന്റെ മുഴുവൻ പേര് ..............................

സ്ഥിരമായ മേൽവിലാസം ..............................

PAN No.: ............................ Dist ..............................P.O......................PIN.................

AADHAR No.................................................... ഫോൺ...............മൊബൈൽ..............................

വയസ്സും ജനനതിയ്യതിയും വയസ്സ്.............................ജനനതിയ്യതി..............................

വിദ്യാഭ്യാസ യോഗ്യത ..............................

അപേക്ഷകന്റെ തൊഴിൽ/ഉദ്യോഗപ്പേര് ..............................

ഔദ്യോഗിക വിലാസം ..............................

☐ ഉദ്യോഗം ☐ കൃഷി ☐ കച്ചവടം ☐ മറ്റിനങ്ങൾ

വരുമാനമാർഗ്ഗം

മാസവരുമാനം ☐ 5,000 രൂപ വരെ ☐ 5,000 - 10,000 ☐ 10,000 - 25,000 ☐ 25,000 - 50,000 ☐ 50,000 ത്തിനുമുകളിൽ

അച്ഛന്റെ/അമ്മയുടെ/ഭർത്താവിന്റെ പേര് ..............................

നോമിനിയുടെ പേരും, എഴുത്തുകൾ അയയ്ക്കേണ്ട ..............................

വിലാസവും, ഫോൺനമ്പറും, ബന്ധവും ..............................

..............................

..............................

അപേക്ഷകന് എഴുത്തുകൾ അയയ്ക്കേണ്ട വിലാസം, ..............................

ഫോൺ നമ്പർ സഹിതം ..............................

ഏജന്റിന്റെ പേര്..............................................

ഏജൻസി നമ്പർ DIST..........................P.O.........................PIN.......................

ഒപ്പും, സീലും

സാക്ഷിയുടെ പേരും, ഒപ്പും, മേൽവിലാസവും

സ്ഥലം :

തിയ്യതി : (അപേക്ഷകന്റെ ഒപ്പ്)

ചിട്ടി നമ്പർ: ചിറ്റാൾ നമ്പർ

മുൻപൻ :

ബ്രാഞ്ച് മാനേജർ:

കെ.എസ്.എഫ്.ഇ (ലി) ................................................അസിസ്റ്റന്റ് ചിട്ടി രജിസ്ട്രാർ..............................

Form Ref. No. 162 A, Koppara, Bkg, SPB/600000 Nos. 2017

സെക്ഷൻ ഓഫീസർ.